<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4171**</u> <u>**18-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഓപ്പറേഷൻ മൂൺലൈറ്റ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചരക്കു സേവന നികുതി വകുപ്പ്, ഹോട്ടലുകളിൽ ഓപ്പറേഷൻ മൂൺലൈറ്റ് എന്ന പേരിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. 29/06/2022 തീയതിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 32 ഹോട്ടൽ / റെസ്റ്റോറന്റുകളിലാണ് ജി.എസ്.ടി. നിയമം വകുപ്പ് 67(2) അനുശാസിക്കുന്ന പ്രകാരമുള്ള സെർച്ച് നടത്തിയിട്ടുള്ളത്. പ്രസ്തുത ഹോട്ടലുകൾ നികുതി വെട്ടിപ്പ് നടത്തുന്നുവെന്നും അതുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും സ്ഥാപനങ്ങളിൽ രഹസ്യമായി സൂക്ഷിക്കുന്നുവെന്നും അറിഞ്ഞതിനെ തുടർന്നാണ് മേൽ പറഞ്ഞ തീയതിയിൽ ഹോട്ടലുകളിൽ /റെസ്റ്റോറന്റുകളിൽ പരിശോധന നടത്താൻ ഇടവന്നത്. |
| (ബി) | പ്രസ്തുത പരിശോധനാ നടപടികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | **സംസ്ഥാനത്തെ ജി.എസ്.ടി. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചാണ് "ഓപ്പറേഷൻ മൂൺലൈറ്റ്" എന്ന പേരിൽ ഹോട്ടലുകളിലും/ റെസ്റ്റോറന്റുകളിലും പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. ഹോട്ടലുകൾ നടത്തുന്ന നികുതി വെട്ടിപ്പിനെ കുറിച്ച് കൃത്യമായ തെളിവുകളോ വിശ്വാസയോഗ്യമായ സൂചനകളോ ലഭിക്കുന്ന സാഹചര്യത്തിൽ നിയമാനുസൃതമായ പരിശോധനകൾ തുടർന്നും നടത്തുന്നതാണ്.** |
| (സി) | ഉപഭോക്താവിന്റെ കൈയ്യിൽ നിന്നും ഈടാക്കിയ ശേഷം സർക്കാരിലേക്ക് അടയ്ക്കാത്ത നികുതി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) | 29/06/2022-ൽ നടത്തിയ "ഓപ്പറേഷൻ മൂൺലൈറ്റ്" എന്ന പരിപാടിയിൽ ഉപഭോക്താവിന്റെ കയ്യിൽനിന്നും നികുതി പിരിച്ചിട്ടും സർക്കാരിലേക്ക് അടക്കാത്തതായ ഏതാനും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി. എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരം ഇത്തരം കേസുകളിൽ ബന്ധപ്പെട്ടവരിൽ നിന്നും വെട്ടിച്ച നികുതിയും ആയതിന്റെ പലിശയും പിഴയും അടക്കമുള്ള സംഖ്യകൾ ഈടാക്കുന്നതാണ്. |
| (ഡി) | ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | ജി.എസ്.ടി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ഹോട്ടലുകളും/ റെസ്റ്റോറന്റുകളും നടത്തുന്ന നികുതി വെട്ടിപ്പിനെക്കുറിച്ച് തെളിവുകളും സൂചനകളും കിട്ടുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ ജി.എസ്.ടി വകുപ്പ് 67 അനുശാസിക്കുന്ന പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതും, ആയതിനെ തുടർന്ന് സമഗ്രമായ അന്വേഷണം നടത്തി നികുതി വെട്ടിപ്പുകാരിൽ നിന്നും ജി.എസ്.ടി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നികുതിയും പലിശയും പിഴയും ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ